# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം

നമ്പർ : 4554. 28..6..2013-ൽ മറുപടിക്ക്

## ക്ഷീരകർഷകർക്ക് ക്യാഷ് അവാർഡ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:<br>ശ്രീ. സണ്ണി ജോസഫ്:<br>ശ്രീ. എം.എ. വാഹീദ്:<br>ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി: | ശ്രീ. കെ.സി. ജോസഫ്.<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
| (എ) ക്ഷീരകർഷകർക്ക് സംസ്ഥാന-മേഖല-ജില്ലാതലത്തിൽ ക്യാഷ് അവാർഡ് ഏർപ്പെടുത്താൻ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) ക്ഷീരകർഷകർക്ക് സംസ്ഥാന-മേഖല-ജില്ലാ തലത്തിൽ ക്യാഷ് അവാർഡ് നല്കുന്ന 'ക്ഷീരസഹകാരി അവാർഡ്' എന്ന ഒരു സ്കീം ക്ഷീരവികസന വകുപ്പ് നടപ്പാക്കുന്നുണ്ട്. സംസ്ഥാനതലത്തിൽ ഏറ്റവും കൂടുതൽ പാൽ ക്ഷീരസഹകരണ സംഘത്തിൽ അളക്കുന്ന ക്ഷീരകർഷകന് ക്ഷീരസഹകാരി അവാർഡായി 1 ലക്ഷം രൂപയും, മേഖലാതലത്തിൽ ജനറൽ/വനിത/എസ്.സി./എസ്.റ്റി. വിഭാഗങ്ങളിലായി 50,000/- രൂപ വീതവും, ജില്ലാ തലത്തിൽ ടി വിഭാഗങ്ങളിലായി 20,000/- രൂപ വീതവുമാണ് അവാർഡ് തുക നിശ്ചയിച്ചിരിക്കുന്നത്. |
| (ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിശദമാക്കുമോ; | (ബി) മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുന്ന ക്ഷീരകർഷകരെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുക വഴി കൂടുതൽ പേരെ ഈ രംഗത്തേക്ക് ആകർഷിക്കുകയാണ് ഈ പദ്ധതി കൊണ്ട് പ്രധാനമായും ഉദ്ദേശിക്കുന്നത്. |
| (സി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നതെന്ന് വിശദമാക്കുമോ; | (സി) ക്ഷീരവികസന വകുപ്പും, ക്ഷീരസഹകരണ സംഘങ്ങളുമാണ് ഈ സ്കീമിന്റെ പരിധിയിൽ വരുന്നത്. |
| (ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം? | (ഡി) നടപ്പുവർഷത്തെ 'ഗ്രാമീണ വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ' എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 17 ലക്ഷം രൂപ ഈ ഇനത്തിനായി വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.